പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 764 — 05.02.2020-ൽ മറുപടിക്ക്

# ഭൂമിയില്ലാത്ത ഗോത്രവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല :** | | എ.കെ. ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | സംസ്ഥാനത്ത് ഭൂരഹിതരായി പതിനായിരത്തി തൊണ്ണൂറ്റി നാൽപ്പത്തി നാല് പട്ടിക വർഗ്ഗക്കാർ ഉള്ളതായി വകുപ്പ് തന്നെ നടത്തിയ സർവ്വെയിൽ വ്യക്തമാക്കിയിട്ടുണ്ടോ; | എ) | സംസ്ഥാനത്ത് ഭൂരഹിതരായി 10944 പട്ടിക വർഗ്ഗക്കാർ ഉള്ളതായി വകുപ്പ് നടത്തിയ സർവ്വെയിൽ കണ്ടെത്തിയിട്ടുണ്ട്. |
| ബി) | ഭൂമിയില്ലാത്ത ഗോത്രവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന സർക്കാർ പദ്ധതി ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ; | ബി) | ഭൂമിയില്ലാത്ത പട്ടികവർഗ്ഗക്കാർക്ക് ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്ന ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് കണ്ടെത്തിയ ഭൂമി പഞ്ചായത്തുതല സമിതിയും ജില്ലാതല സമിതിയും പരിശോധിച്ച് അനുയോജ്യമെന്ന് ശിപാർശ ചെയ്തവയിൽ വില നിർണ്ണയ നടപടികൾ നടന്നുവരുന്നു. മലപ്പുറം (5.27 ഏക്കർ), പാലക്കാട് (8.025 ഏക്കർ), വയനാട് (19.18 ഏക്കർ) ജില്ലകളിലെ ഭൂമിയ്ക്ക് നിശ്ചയിച്ച വില 19.10.2019-ന് ചേർന്ന SLEC അംഗീകാരം നൽകിയിട്ടുണ്ട്. അതിൽ മലപ്പുറം ജില്ലയിലെ ഭൂമി വാങ്ങി.<br><br>കാസർഗോഡ് (20.82 ഏക്കർ), വയനാട് (6.33 ഏക്കർ), കോഴിക്കോട് (3.79 ഏക്കർ), എറണാകുളം (6.24 ഏക്കർ), കോട്ടയം (2.15 ഏക്കർ) ജില്ലകളിൽ ഭൂമി വില നിർണ്ണയം കഴിഞ്ഞ് 03.02.2020-ന് നടക്കുന്ന SLEC യോഗത്തിൽ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. |
| സി) | ഈ ആവശ്യത്തിലേക്കായി എത്ര ഹെക്ടർ വനഭൂമി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ടെന്നും എത്ര ഹെക്ടർ ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്നും ബാക്കി ഭൂമിയുടെ വിതരണം എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്നും അറിയിക്കുമോ; | സി) | ഭൂമി വാങ്ങി നൽകുന്ന പദ്ധതിക്കായി വനഭൂമി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടില്ല. എന്നാൽ കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിലായി ആകെ 7693 ഏക്കർ നിക്ഷിപ്ത വനഭൂമി ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനായി കേന്ദ്ര സർക്കാരും ബഹു. സുപ്രീം കോടതിയും അനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഇതിൽ ഇതുവരെ 3513.91 ഹെക്ടർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമിയുടെ സംയുക്ത പരിശോധന നടന്നുവരികയാണ്. മലപ്പുറം, പാലക്കാട്, വയനാട് ജില്ലകളിലുള്ള വാസയോഗ്യമായ ഭൂമി 6 മാസത്തിനകം വിതരണം ചെയ്യാൻ ആവശ്യമായ നടപടികൾ പുരോഗമിക്കുകയാണ്. |
| ഡി) | കോടതി ഉത്തരവുണ്ടായിട്ടും ഇക്കാര്യത്തിൽ തുടരുന്ന മെല്ലെപ്പോക്കിനെ സംബന്ധിച്ച ആരോപണം പരിശോധിക്കുക ഉണ്ടായോ; വിശദാംശങ്ങൾ നൽകുമോ? | ഡി) | 30.04.2010-ലാണ് ബഹു. സുപ്രീം കോടതി ടി ഭൂമി വിതരണം ചെയ്യുന്നതിന് അനുമതി നൽകിയത്. ഈ സർക്കാർ അധികാരത്തിൽ വരുന്നതുവരെ ഇക്കാര്യത്തിൽ കാര്യമായ പുരോഗതി ഉണ്ടായിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ്, പാലക്കാട്, വയനാട്, മലപ്പുറം എന്നിവിടങ്ങളിൽ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. തേക്ക് പ്ലാന്റേഷനുകൾ നിലനിൽക്കുന്ന പ്രദേശങ്ങൾ വിട്ടുനൽകുന്നതിൽ ഉണ്ടായ ആശയക്കുഴപ്പത്തെ തുടർന്നാണ് വിതരണം തടസ്സപ്പെട്ടത്. എന്നാൽ ടി തടസ്സങ്ങൾ മാറ്റി സർവ്വേ പ്രവർത്തനം ദ്രുതഗതിയിൽ നടത്തി വരികയാണ്. |

**സെക്ഷൻ ഓഫീസർ**